മാതൃഭൂമി

Mathrubhumi Seed — Student Empowerment for Environmental Development — In partnership with Federal Bank

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE

LEAF - 11 AUGUST 2022

# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ

കാട്ടിലെക്കാര്യം

കേരളം അറിയാൻ

ചിറകുള്ള ചങ്ങാതിമാർ

ഈ ഫോട്ടോ കാണാം

കൃഷിക്കാര്യം

സിനിമാപാട്ടിലെ പ്രകൃതി

ഇത് അതിശയം തന്നെ

തെറ്റ് ശരി

ലോകം എങ്ങനെ

പൂവറിവ്

വർണച്ചിറക്


Cover photo: Shutterstock




# ജീവന്റെ വില

കൊച്ചുമാസികയാണ് ആകാശപ്പച്ച. എന്നാൽ അതിൽ രേഖപ്പെടുത്തുന്ന നിലപാടുകൾ ചെറുതല്ല. ആകാശപ്പച്ചയുടെ വായനക്കാർ ഓരോരുത്തരും അത് കൂടുതൽ ആളുകൾക്ക് വായിക്കാൻകഴിയുന്ന വിധത്തിൽ സോഷ്യൽ മീഡിയയിൽ ഷെയർചെയ്യണം. സുഹൃത്തുക്കൾക്കിടയിലും കുടുംബാംഗങ്ങൾക്കിടയിലും അങ്ങനെ നമുക്ക് പരിചയമുള്ള എല്ലാവരിലും എത്തിക്കാൻ ശ്രമിക്കണം. ഈ മാഗസിൻ മുഴുവനായി വായിക്കാൻ കഷ്ടിച്ച് പത്തുമിനിറ്റ് മതിയാവും. ആ പത്തുമിനിറ്റിന്റെ വില ജീവന്റെ വിലതന്നെയാണ് എന്ന ബോധ്യം നമുക്കുണ്ടാവണം. എല്ലാവർക്കും സ്വാതന്ത്ര്യദിനാശംസകൾ!

# നമുക്ക് ഉണ്ടാക്കാനാവില്ല മലകൾ

ഓഗസ്റ്റ് തുടങ്ങിയപ്പോൾമുതൽ നമ്മൾ മഴക്കെടുതികളുടെ വാർത്തകളാണ് കേട്ടത്. മലയുള്ള സ്ഥലങ്ങളിലെല്ലാം ഉരുൾപൊട്ടുന്നതിന്റെ എണ്ണവും തീവ്രതയും കൂടി. അത് പണ്ടത്തെതിനെക്കാൾ എത്രയോ ഇരട്ടിയാണ്. യഥാർഥത്തിൽ ഈ ദുരന്തങ്ങൾ മനുഷ്യനിർമിതമാണ്. ഒത്തിരി ആവശ്യങ്ങൾക്കായി നമ്മൾ മലകൾ തുരന്ന് കൊണ്ടുപോന്നതിന്റെ ബാക്കിപത്രം. ഒരുപാടുപേർ ഒരുമിച്ച് തീരുമാനിച്ചാൽ എത്ര മരങ്ങൾ വേണമെങ്കിലും നമുക്ക് നട്ടുവളർത്താം. പത്തോ അൻപതോ വർഷംകൊണ്ട് അവ വൻമരങ്ങളാവും. എന്നാൽ മലകളുടെ കാര്യത്തിൽ ഇതല്ല സ്ഥിതി. എത്രപേർ എത്രകാലം വിചാരിച്ചാലും ഒരിക്കൽ ഇടിച്ചിറക്കുന്ന മലകൾ തിരിച്ചുവയ്ക്കാനാവില്ല. ഒരു കുന്നുപോലും പ്രകൃതിയുടെ ഉറപ്പോടെ ഉണ്ടാക്കാൻ നമുക്കാവില്ല. മലകളിൽനിന്ന് ഓരോ പാറക്കഷണവും ഓരോ പിടി മണ്ണും എടുക്കുമ്പോൾ ഇക്കാര്യങ്ങൾ നമ്മൾ ഓർക്കണം. ഓരോ വർഷവും വർധിക്കുന്ന ഉരുൾപൊട്ടലിൽ തകർന്നുപോകുന്നതാവരുത് നമ്മുടെ വികസനസ്വപ്നങ്ങൾ.



കാട്ടിലെക്കാര്യം

# ജീവലോക കൗതുകങ്ങൾ



പിന്നോട്ട് പറക്കാൻ
കഴിയുന്ന ഒരേയൊരു
പക്ഷിയാണ് ഹമ്മിങ്
ബേഡ്!



പുറംതോടില്ലാത്ത
ഒച്ചുകൾക്ക് നാല്
മൂക്കുണ്ട്!




നക്ഷത്രമത്സ്യ
ത്തിന് തലച്ചോ
റില്ല!



പറക്കാൻ കഴിവുള്ള
ഒരേയൊരു സസ്തനി
യാണ് വവ്വാൽ!



ചെള്ളുകൾ
ക്ക് അതിന്റെ
ശരീരനീളത്തി
ന്റെ 350 മടങ്ങ് ചാടാൻ
കഴിയും!



ധ്രുവക്കരടിയുടെ
തൊലിയുടെ നിറം
കറുപ്പാണ്!

മാതൃഭൂമി ആകാശപ്പച്ച
2022 ഓഗസ്റ്റ്

സ്റ്റെഫാനിയ തോമസ്
മൗണ്ട് കാർമൽ എച്ച്.എസ്.എസ്.
കോട്ടയം

കേരളം അറിയാൻ

# റോഡ് വേണോ? കാന വേണം!



മികച്ച റോഡുകൾ ശ്രദ്ധിച്ചുനോക്കിയാൽ ഒരുകാര്യം ബോധ്യമാവും. അവയ്ക്കിരുവശവും വൃത്തിയായ കാനകളുണ്ടാവും. റോഡിനിരുവശവുമുള്ള കാനകളുടെ സാന്നിധ്യമാണ് റോഡിന്റെ ഉറപ്പ്. കാനകളില്ലാതെ എത്ര പണം ചെലവാക്കി റോഡ് നിർമിച്ചാലും അവ വളരെ പെട്ടെന്ന് പൊട്ടിപ്പൊളിയാറുണ്ട്. നമ്മുടെ വീടിന് മുന്നിലുള്ള റോഡിന്റെ കാന ശരിയായി നിലനിർത്തേണ്ടത് നാടിന്റെ വികസനത്തിന് ആവശ്യമാണ്. അതിനായി നമുക്ക് കൈകോർക്കാം. ചെറിയ ശ്രദ്ധയിലൂടെ വലിയ വികസനവിപ്ലവമായിരിക്കും നടക്കുക. വിദ്യാർഥികളായ നമുക്കും ഈ കുഞ്ഞുശ്രദ്ധയിൽ പങ്കുചേരാം.

ആരോൺ പൂത്തൂർ, ക്ലാസ് 7 - ബി
തിരൂർ സെന്റ് തോമസ് എച്ച്.എസ്.എസ്.
തൃശ്ശൂർ



# കാക്ക മരംകൊത്തി

## White- bellied Woodpecker

കേരളത്തിൽ കാണപ്പെടുന്ന കറുപ്പുനിറമുള്ള ഏക മരംകൊത്തിയിനമാണ് കാക്ക മരംകൊത്തി. ഇവയുടെ വയറും അരപ്പട്ടയും വെള്ളനിറമാണ്. ആൺപക്ഷിയുടെ മുൻ നെറ്റി ശിഖ, മീശവര എന്നിവയ്ക്ക് ചുവപ്പുനിറമുണ്ട്. പെൺപക്ഷിയുടെ മുൻ നെറ്റിക്ക് കറുപ്പുനിറം. മീശവരയില്ലാത്ത ഇവയുടെ ശിഖയുടെ പിൻവശത്തിന് മാത്രമേ ചുവപ്പുനിറമുള്ളൂ. നിത്യഹരിതവനങ്ങൾ, അർധ നിത്യഹരിതവനങ്ങൾ, ഇലപൊഴിയും കാടുകൾ എന്നിവിടങ്ങളിൽ ഇവയെ കണ്ടുവരുന്നു.

ഓസ്റ്റിൻ സിജോ
ശോഭന ഇംഗ്ലീഷ് മീഡിയം സ്കൂൾ,
കോതമംഗലം, എറണാകുളം

ഈ ഫോട്ടോ കാണാം

# ഗ്രീൻ ക്രെസ്റ്റഡ് പല്ലി



ഗ്രീൻ ക്രെസ്റ്റഡ് പല്ലി എന്നും അറിയപ്പെടുന്ന ബ്രോങ്കോസെല ക്രിസ്റ്റൽ (Broncho-cela christella). തിളങ്ങുന്ന പച്ചനിറമാണ് ഇവയ്ക്ക്. ഇതിന് നിറം മാറ്റാൻ കഴിവുണ്ട്. ഭീഷണി നേരിടുമ്പോൾ ഇരുണ്ട തവിട്ടു നിറമാകും.

ഗൗരി ശങ്കരൻ ബി., ക്ലാസ് -12
V.N.S.S.N.ട്രസ്റ്റ് സെൻട്രൽ സ്കൂൾ
കണിച്ചുകുളങ്ങര, ആലപ്പുഴ

കൃഷിക്കാര്യം

# അന്തരീക്ഷത്തിലെ ഭാഗ്യച്ചെടി



മണ്ണിലോ വെള്ളത്തിലോ നട്ടുവയ്ക്കാതെയും വളരുന്ന ചെടികളുണ്ടെന്ന് അറിയാമോ? അത്തരം ചെടികളെ "എയർ പ്ലാന്റ്സ്" എന്ന് വിളിക്കും. നിരവധി ഇനത്തിലുള്ള എയർ പ്ലാന്റുകളുണ്ട്. എയർ പ്ലാന്റുകൾ അലങ്കാരസസ്യമായാണ് ഉപയോഗിക്കാറ്. അതിൽ പ്രധാനിയാണ് പൂക്കുന്ന ടില്ലാൻസിയ (Tillandsia) എന്ന വർഗം. ഇത് ഭാഗ്യം കൊണ്ടുവരുന്ന ചെടിയാണെന്നാണ് തായ്‌ലൻഡ്കാരുടെ വിശ്വാസം. നൂറുരൂപമുതൽ ആയിരക്കണക്കിന് രൂപവരെയാണ് ഈ ചെടിയുടെ വില. അകത്തളത്തിൽ വയ്ക്കാൻപറ്റുന്ന സസ്യമാണ്. അന്തരീക്ഷത്തിൽനിന്ന് വെള്ളവും മൂലകങ്ങളും ഈ സസ്യങ്ങൾ വലിച്ചെടുക്കുമെന്നാണ് പറയപ്പെടുന്നത്. വെള്ളവും വളവും സ്പ്രേചെയ്ത് വളർത്തുന്ന രീതിയുമുണ്ട്.

ഹെലേന ഉല്ലാസ്
സെന്റ് തോമസ് E.M.H.S.S.കുമളി
ഇടുക്കി

# മണ്ണിൻ കൂട്ടാളി



ഞാനൊരു മലയാളി, എന്നും മണ്ണിൻ കൂട്ടാളി
എങ്ങും അതിരുകളില്ലാ മതിലുകളില്ലാ
സ്നേഹത്തേരാളി
മണ്ണാണ് ജീവൻ മണ്ണിലാണ് ജീവൻ
പൊന്നിൻ വിളകൾ കൊയ്തെടുത്തൊരു
സ്വർഗം തീർക്കും ഞാൻ
ഇവിടൊരു സ്വർഗം തീർക്കും ഞാൻ



അരുൺ ശേഖറിന്റെ 'ജിലേബി' എന്ന ചിത്രത്തിലെ വരികളാണ് ഇവ. മണ്ണിനെയും പ്രകൃതിയെയും സ്നേഹിക്കുന്ന ഒരു കഥാപാത്രത്തെയാണ് ഈ ഗാനത്തിൽ കാണാൻകഴിയുക. മണ്ണിലാണ് ജീവൻ എന്ന മഹത്തായ കാര്യം ഈ ഗാനം നമ്മെ ഓർമിപ്പിക്കുന്നു. മലയാളിയുടെ ഗൃഹാതുരത്വത്തെ ഉണർത്തുന്ന വരികളാണിവ. മണ്ണും കൃഷിയും എല്ലാം മനുഷ്യന് എത്ര വിലപ്പെട്ടതാണെന്ന് ഇത് ഓർമ്മിപ്പിക്കുന്നു. മണ്ണ് ജീവന്റെ ഉറവിടംതന്നെയാണെന്ന തിരിച്ചറിവുണ്ട് ഈ വരികളിൽ.

**ഗാനരചന: ഈസ്റ്റ് കോസ്റ്റ് വിജയൻ**
**സംഗീതം: ബിജിബാൽ**
**ഗായകൻ: പി. ജയചന്ദ്രൻ**

അരുന്ധതി എസ്. മനോജ്
ടി.ഐ.എം. ഗേൾസ് ജി.എച്ച്.എസ്.എസ്.
കോഴിക്കോട്

ഇത് അതിശയം തന്നെ

# ചിറക് വിടർത്താൻ



പ്യൂപ്പയുടെ
പുറംതോട്
പൊട്ടിച്ച്
ചിത്രശലഭം
പുറത്തുവരുമ്പോൾ,
പറക്കുന്നതിനു
മുൻപ് അതിന്റെ
ചിറകുകൾ
വിടർത്തി ഉണക്കും.
ചിറകുകൾ
വേഗത്തിൽ
വിടർത്തിയില്ലെങ്കിൽ
അവ
ചുളിവുകളോടെ
ഉണങ്ങുകയും
പിന്നീട്
പൂമ്പാറ്റയ്ക്ക്
ഒരിക്കലും പറക്കാൻ
കഴിയാതെവരുക
യും ചെയ്യും.

ഹുദ ദിൽഷാദ്, ക്ലാസ് 6-സി
ജി.യു.പി.എസ്. കണിയാപുരം
തിരുവനന്തപുരം

# ഇതെന്താണീ നോക്കുന്നത്?

കുരങ്ങന്മാരുടെ കൂട്ടത്തെ നിരീക്ഷിച്ചാൽ അവ പരസ്പരം പേൻ നോക്കുകയാണെന്ന് തോന്നും. പക്ഷേ, അവ പേൻനോക്കുകയല്ല യഥാർഥത്തിൽ ചെയ്യുന്നത്. രോമത്തിനിടയിൽനിന്ന് വായിലേക്ക് കൊണ്ടുപോകുന്നത് പേൻ ആവണമെന്നുമില്ല. മിക്കപ്പോഴും അത് ഉണങ്ങിയ തൊലിയുടെ അംശമോ മറ്റോ ആയിരിക്കും.



ഹരിനന്ദ് കെ.ആർ., ക്ലാസ് - 10
ജി.വി.എച്ച്.എസ്.എസ്. മടിക്കൈ
കാസർകോട്

ലോകം എങ്ങനെ



# ആളുകൂടുമ്പോൾ...

കൂടുന്ന ജനസംഖ്യയും കുറയുന്ന പ്രകൃതിവിഭവങ്ങളുമുള്ള 800 കോടി മനുഷ്യരുടെ ലോകത്ത് എല്ലാവരുടെയും അവകാശങ്ങളും തിരഞ്ഞെടുപ്പുകളും ഉറപ്പുവരുത്തിയും അവസരങ്ങൾ പ്രയോജനപ്പെടുത്തിയും സുസ്ഥിരഭാവിയിലേക്ക് മുന്നേറാം എന്നതാണ് ഈ വർഷത്തെ ജനസംഖ്യാദിന പ്രമേയം. അനധികൃത കുടിയേറ്റങ്ങൾക്കും പരിസ്ഥിതിനാശത്തിനും പ്രകൃതിദുരന്തങ്ങൾക്കും പ്രധാന കാരണങ്ങളിലൊന്ന് അനിയന്ത്രിതമായ ജനസംഖ്യാവർധനവാണ്. കൃഷിഭൂമിയും പാർപ്പിടസൗകര്യവും ദിനംപ്രതി അപര്യാപ്തമായിക്കൊണ്ടിരിക്കുമ്പോൾ ജനങ്ങൾ കാടും മലയും വെട്ടിത്തെളിച്ച് ജീവിതമാർഗം തേടുന്നു. ജനസംഖ്യാവിസ്ഫോടനം പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണത്തിന് കാരണമാകുന്നു. പ്രകൃതിവിഭവങ്ങൾ പരിമിതമാണെന്നും പുനരുത്പാദിപ്പിക്കാൻകഴിയുന്ന വിഭവങ്ങൾപോലും നികത്താൻ വേണ്ടത്ര സമയം നൽകുന്നില്ലെന്നുമുള്ള തിരിച്ചറിവ് നമുക്കുണ്ടാകേണ്ടതാണ്. ദോഷകരമായ പ്രത്യാഘാതങ്ങൾ തിരിച്ചറിഞ്ഞ് എല്ലാവരും ഒരുമിച്ചുനിന്ന് പ്രവർത്തിച്ചാൽ മാത്രമേ പ്രകൃതിവിഭവങ്ങളുടെ ശോഷണം തടയാൻസാധിക്കൂ.

ശ്രീയുക്ത പി.
കരിയാട് നമ്പ്യാർസ് ഹയർ -
സെക്കൻഡറി സ്കൂൾ, കണ്ണൂർ

പൂവറിവ്

# നാഗലിംഗ പുഷ്പം




ലെസിതഡേസി കുടുംബത്തിൽപ്പെടുന്ന ഈ ഇല പൊഴിയുംവൃക്ഷത്തിന്റെ ജന്മദേശം തെക്കേ അമേരിക്കയാണ്. നമ്മുടെ നാട്ടിലും വളരാറുണ്ട്. കായകൾക്ക് പീരങ്കിയുണ്ടകളോട് സാദൃശ്യമുള്ളതിനാൽ കാനൻബോൾ ട്രീ (cannonball tree)എന്നും വിളിക്കുന്നു. ശാസ്ത്രീയനാമം: Couroupita guianensis. തടിയിൽനിന്ന് നീണ്ടുനിൽക്കുന്ന തണ്ടുകളിൽ നിരവധി പൂക്കൾ കാണാം. ആറ് സെന്റിമീറ്ററോളം വ്യാസമുള്ള പൂവിന് ആറ് ഇതളുകളുണ്ട്. നറുമണമുള്ള മനോഹരമായ പൂക്കളിൽ തേനില്ല. എങ്കിലും പൂമ്പൊടി ശേഖരിക്കാനായി തേനീച്ചകളും കടന്നലുകളുമെത്താറുണ്ട്. ഇവയാണ് പരാഗണത്തിന് സഹായിക്കുന്നത്. കേന്ദ്രഭരണപ്രദേശമായ പുതുച്ചേരിയുടെ ഔദ്യോഗിക പുഷ്പമാണിത്. കായകളുടെ സവിശേഷതയാൽ അലങ്കാരവൃക്ഷമായി സസ്യോദ്യാനങ്ങളിലും പുണ്യവൃക്ഷമായി കണക്കാക്കി ക്ഷേത്രപരിസരങ്ങളിലും ഇവ നട്ടുവളർത്തുന്നുണ്ട്.

കെ. ഗണേശൻ
മുൻ സീഡ് കോഓഡിനേറ്റർ
കൂരിയാട് എ.എം.യു.പി. സ്കൂൾ
മലപ്പുറം

# എന്റെ ഭൂമി

തളിരറ്റു പുൽകുന്ന
നന്മതൻ വർഷത്തിൽ
ഒരു നൂറ് ജീവൻ ഉദിച്ചുയർന്നു
അതിൽനിന്നുണരുന്ന
ജീവനഹർഷങ്ങൾ
ഒരു നൂറ് സ്വപ്നങ്ങൾ നൽകി...
ഇനിയും തുടിക്കുന്നു ജീവിതം
എന്തൊരു സുന്ദരി എന്റെ ഭൂമി
ഇനിയും മരിക്കാത്ത ഭൂമി കാണാൻ
കൊതിയോടെ ജീവിതം ആസ്വദിക്കാൻ
അളവില്ലാ അതിരില്ലാ സൗന്ദര്യമാം
ശ്യാമ സുന്ദര പ്രകൃതി നീ....
ഇനിയും തുടരണം ജീവൻ,
കാത്ത് സൂക്ഷിക്കണം നമ്മൾ!



മുഹമ്മദ് റിഷാൽ
ക്ലാസ് -7
ജി.യു.പി.എസ്. കമ്പളക്കാട്, വയനാട്

വർണച്ചിറക്

കഥ

# കിച്ചുവിന്റെ വെള്ളപ്പൊക്കം

മഹാ മടിയനാണ് കിച്ചു. ആരോടും ഒരു സ്നേഹവുമില്ല. അച്ഛനും അമ്മയും വലിയ ജോലിക്കാരാണ്. അപ്പൂപ്പനെയും അമ്മൂമ്മയെയും ഒന്നും അവന് ഇഷ്ടമല്ല. മണ്ണിലും പൊടിയിലും പണിയെടുക്കുന്ന അവരെ കാണുന്നത് അവന് വെറുപ്പാണ്. അവന്റെ വീടിനോട് ചേർന്ന് മനോഹരമായ ഒരു പുഴയുണ്ട്. പുഴയിൽ കുളിക്കാനോ അതിന്റെ ഭംഗി കാണാനോ ഒന്നും അവന് ഇഷ്ടമല്ല. അമ്മൂമ്മയും അപ്പൂപ്പനും കൃഷിചെയ്ത് കൊണ്ടുവരുന്നതൊന്നും അവൻ കഴിക്കില്ല. അവന് ഇഷ്ടം കടയിൽനിന്ന് വാങ്ങുന്ന ആഹാരമാണ്. പുഴക്കരയിൽ പോയി മൊബൈലിൽ പരതിക്കൊണ്ട് അവൻ അതെല്ലാം തിന്നും. വേസ്റ്റുകളെല്ലാം പുഴയിലേക്ക് ഇടും.

ഒരുദിവസം ശക്തമായ മഴ പെയ്യാൻതുടങ്ങി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ വെള്ളം പൊങ്ങി. അവർ അവിടെനിന്ന് വേറെയൊരു സ്ഥലത്തേക്ക് പോയി. വെള്ളമിറങ്ങിയപ്പോൾ തിരിച്ചുവന്നു. വീട് നിറച്ച് ചെളിയും വേസ്റ്റുകളും. ഒന്നിരിക്കാൻപോലും സ്ഥലമില്ല. പുഴയുടെ ശക്തി അവന് മനസ്സിലായി. അന്നുമുതൽ അവൻ അപ്പൂപ്പൻെറയും അമ്മൂമ്മയുടെയും കൂടെ പറമ്പിൽ നടക്കാൻതുടങ്ങി.



പ്രണവ് വി. ബിനോഷ്, ക്ലാസ് - 4
ആർച്ച് ബിഷപ്പ് അട്ടിപ്പേറ്റി പബ്ലിക് സ്കൂൾ
വടുതല, എറണാകുളം

കടൽത്തിരകളെ തടയാൻ
കരിങ്കൽഭിത്തികൾക്കാവണമെന്നില്ല.
പക്ഷേ, തിരകളെ നെഞ്ചേറ്റി
സ്വീകരിക്കാൻ
കണ്ടൽക്കാടുകൾക്കാവും.

ആകാശപ്പച്ചയിലേക്കുള്ള
രചനകളും
നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം.
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

Mathrubhumi Seed
Student Empowerment for Environmental Development
IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി
ആകാശപ്പച്ച

Published by Mathrubhumi Seed